<u>വനിതശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ശ്രീമതി.പ്രിയങ്ക.ജി IAS )

ഉത്തരവ് നം. DWCD/323/2022-ICDS A7 തീയതി. 19/07/2022

---

വിഷയം: വനിതശിശുവികസനവകുപ്പ്- അങ്കണവാടി കെട്ടിട നിർമ്മാണം- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി (MGNREGS) ചേർന്ന് അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1) കേന്ദ്ര സർക്കാരിൻറെ 31/05/2016, 10/08/2016 ,29/03/2017 തീയതികളിലെ F.No.CD-14/102/2015/CD-II നമ്പർ കത്ത്

2) സ.ഉ.(സാധാ)നം.330/2021/സാനീവ തീയതി 19/05/2021

3) ഈ കാര്യാലയത്തിലെ 03/09/2021 തീയതിയിലെ ഐസിഡിഎസ്സ്/എ 7-5914/21 നമ്പർ ഉത്തരവ്

4) MGNREGS മിഷൻ ഡയറക്ടറുടെ 27/04/2022 തീയതിയിലെ NREGA/180/2021-B1 നമ്പർ കത്ത്

5) പാലക്കാട് പ്രോഗ്രാം ആഫീസറുടെ 30/04/2022 തീയതിയിലെ ബി 564/17 നമ്പർ കത്ത്

6) എറണാകുളം പ്രോഗ്രാം ആഫീസറുടെ 04/05/2022 തീയതിയിലെ പിഒ/ഇകെഎം/എ 4-212/21 നമ്പർ കത്ത്

7) കോഴിക്കോട് പ്രോഗ്രാം ആഫീസറുടെ 21/05/2022 തീയതിയിലെ ബി-1183/2021 നമ്പർ കത്ത്

8) 31/03/2022 തീയതിയിലെ കോളച്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ 3-220/08 നമ്പർ കത്ത്

വനിതശിശുവികസന വകുപ്പിന് കീഴിലുള്ള 923 അങ്കണവാടികൾക്ക് MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം സൂചന (1) പ്രകാരം കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിരുന്നു . ടി പദ്ധതി പ്രകാരം ഒരു അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് MGNREGS മിഷൻ വിഹിതമായി 5 ലക്ഷം രൂപയും, കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമായി 2 ലക്ഷം രൂപ 60:40 എന്ന

അനുപാതത്തിലും ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

MGNREGS പദ്ധതി പ്രകാരം അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഫണ്ട് വിനിയോഗിക്കുന്നത് MGNREGS മിഷൻ ഡയറക്ടർ മുഖേനയാണ്. വിവിധ ഘട്ടങ്ങളിലായി 720 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ നിർമ്മാണാനുമതി നൽകിയ 923 അങ്കണവാടികളിൽ നിർമ്മാണത്തിന് അവശേഷിക്കുന്ന 203 അങ്കണവാടികളുടെ കേന്ദ്രസംസ്ഥാന വിഹിതമായ 406 ലക്ഷം രൂപ നടപ്പ് സാമ്പത്തിക വർഷം നിർവ്വഹണ ഏജൻസിയായ MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൗണ്ട് നം 799011400000486 ൽ നിക്ഷേപിക്കുന്നതിനും 203 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുക MGNREGS മിഷൻ ഡയറക്ടറുടെ TSB അക്കൌണ്ട് നം 799011400000486 ൽ പരാമർശം (3) പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. 203 അങ്കണവാടികളിൽ 65 അങ്കണവാടികൾക്ക് നാളിതുവരെ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.

MGNREGS പദ്ധതി പ്രകാരം 27 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മാണാനുമതി ആവശ്യപ്പെട്ട് പരാമർശം (4), (5), (6), (7) (8) പ്രകാരം MGNREGS മിഷൻ ഡയറക്ടറിൽ നിന്നും പ്രോഗ്രാം ആഫീസർമാരിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട് . ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ള 27 അങ്കണവാടികൾക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനും MGNREGS മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള 406 ലക്ഷം രൂപയിൽ നിന്നും വകുപ്പ് വിഹിതമായി കെട്ടിടം ഒന്നിന് 2,00,000/- ( രണ്ട് ലക്ഷം രൂപ മാത്രം ) നിരക്കിൽ ആകെ 54,00,000/-/- ( അൻപത്തിനാല് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു. ടി തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിടം

നിർമ്മിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സിഡിപിഒമാർ നിർമ്മാണ പുരോഗതി വിലയിരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്

Signature valid
Digitally signed by Priyanka G
Date: 2022.07.19 13:04:57 IST
Reason: Approved

മിഷൻഡയറക്ടർ

MGNREGS,തിരുവനന്തപുരം

(ഒപ്പ്)
വനിതശിശുവികസനഡയറക്ടർ

പകർപ്പ് :

1. പ്രോഗ്രാം ആഫീസർ (എറണാകുളം,കോഴിക്കോട്,പാലക്കാട്, പത്തനംതിട്ട,കണ്ണൂർ)
2. സെക്രട്ടറി,കൊളച്ചേരി ഗ്രാമപഞ്ചായത്ത്
3. ബന്ധപ്പെട്ട സിഡിപിഒമാർക്ക്
4. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

അനുബന്ധം

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകുന്ന 27 അങ്കണവാടികളുടെ ലിസ്റ്റ്

ഉത്തരവ് നം DWCD/323/2022-ICDS A7 തീയതി : 18/07/2022

| ക്രമ നം | ജില്ല | ഐസിഡിഎസ്സ് | പഞ്ചായത്ത് | സെന്റർ നം |
|---|---|---|---|---|
| 1 | പത്തനംതിട്ട | ഇലന്തൂർ | ചെന്നീർക്കര | 39 |
| 2 | പത്തനംതിട്ട | ഇലന്തൂർ | നാരങ്ങാനം | 25 |
| 3 | പത്തനംതിട്ട | കോയിപ്രം | തോട്ടപ്പുഴശ്ശേരി | 87 |
| 4 | പത്തനംതിട്ട | കോന്നി അഡീഷണൽ | പ്രമാടം | 50 |
| 5 | പത്തനംതിട്ട | കോന്നി അഡീഷണൽ | പ്രമാടം | 63 |
| 6 | പത്തനംതിട്ട | മല്ലപ്പള്ളി | കൊറ്റനാട് | 101 |
| 7 | പത്തനംതിട്ട | പന്തളം-2 | കുളനട | 6 |
| 8 | പത്തനംതിട്ട | പന്തളം | തെക്കേക്കര | 54 |
| 9 | പത്തനംതിട്ട | പറക്കോട് അഡീഷണൽ | ഏറത്ത് | 44 |
| 10 | പത്തനംതിട്ട | പറക്കോട് | ഏഴംകുളം | 21 |
| 11 | പത്തനംതിട്ട | പുളിക്കീഴ് | പെരിങ്ങര | 102 |
| 12 | കോഴിക്കോട് | ചേലന്നൂർ | കാക്കോടി | 157 |
| 13 | കോഴിക്കോട് | ചേലന്നൂർ | നന്മണ്ട | 55 |
| 14 | കോഴിക്കോട് | തൂണേരി | ചെക്യാട് | 145 |
| 15 | കോഴിക്കോട് | തൂണേരി | പുറമേരി | 133 |
| 16 | കോഴിക്കോട് | തൂണേരി | പുറമേരി | 134 |
| 17 | കോഴിക്കോട് | തൂണേരി | പുറമേരി | 41 |
| 18 | കോഴിക്കോട് | കുന്നമംഗലം അഡീഷണൽ | മാവൂർ | 13 |
| 19 | കോഴിക്കോട് | കുന്നമംഗലം അഡീഷണൽ | മാവൂർ | 20 |
| 20 | കോഴിക്കോട് | പന്തലായനി | മൂടാടി | 115 |
| 21 | കോഴിക്കോട് | പന്തലായനി | ചെങ്ങോട്ടുകാവ് | 71 |
| 22 | കോഴിക്കോട് | മേലടി | തുറയൂർ | 119 |
| 23 | കോഴിക്കോട് | പേരാമ്പ്ര | ചെറുവണ്ണൂർ | 64 |
| 24 | കോഴിക്കോട് | പേരാമ്പ്ര | ചെറുവണ്ണൂർ | 76 |
| 25 | പാലക്കാട് | പട്ടാമ്പി അഡീഷണൽ | വിളയൂർ | 62 |
| 26 | എറണാകുളം | വടവുകോട് | തിരുവാണിയൂർ | 52 |
| 27 | കണ്ണൂർ | എടക്കാട് അഡീഷണൽ | കൊളച്ചേരി | 104 |

Signature valid

Digitally signed by ...anka G
Date: 2022.07.18 ...2:51 IST
Reason: Approv...